**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 30.12.2024

# ഡിജിറ്റൽ സർവ്വേക്ക് കൈക്കൂലി- താല്കാലിക സർവ്വേയർ വിജിലൻസ് പിടിയിൽ.

ഇടുക്കി ജില്ല ദേവികുളം താലൂക്കിലെ താല്കാലിക സർവ്വേയറായ നിതിൻ.എസ് 50,000/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (30.12.2024) വിജിലൻസ് പിടികൂടി.

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്ക് ബൈസൺവാലി വില്ലേജിലെ പൊട്ടൻകാട് താവളം പരിധിയിൽപെട്ട 146 ഏക്കർ വരുന്ന ഏലതോട്ടത്തം ഡിജിറ്റൽ സർവ്വേ പ്രകാരം അളന്ന് തീട്ടപ്പെടുത്തുന്നതിനായി രണ്ടാഴ്ച മുമ്പ് താല്കാലിക സർവ്വേയറായ നിതിൻ.എസ് ഏലത്തോട്ടത്തിലെത്തി ഒരു ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടുകയും തുടർന്ന് അത്രയും തുക നൽകാൻ കഴിയില്ലായെന്ന് പറഞ്ഞതിനാൽ 75,000/- രൂപ എങ്കിലും കൈക്കൂലി തന്നാലെ സ്ഥലം അളക്കുകയുള്ളൂവെന്ന് പറഞ്ഞു. തുടർന്ന് എസ്റ്റേറ്റ് മാനേജർ ഇക്കഴിഞ്ഞ വ്യാഴാഴ്ച സർവ്വേയറെ ഫോണിൽ വിളിച്ചപ്പോൾ കൈക്കൂലി നൽകിയാൽ മാത്രമേ വസ്തു അളന്ന് തിട്ടപ്പെടുത്താൻ പറ്റുകയുള്ളുവെന്നും ആദ്യ ഗഡുവായി 50,000/- രൂപ ഇന്ന് (30/12/2024) നൽകണമെന്നും പറഞ്ഞു. തുടർന്ന് എസ്റ്റേറ്റ് മാനേജർ ഈ വിവരം ഇടുക്കി വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം താല്കാലിക സർവ്വേയറെ നിരീക്ഷിക്കുകയും കെണിയൊരുക്കുകയും ചെയ്തു വരുന്നതിനിടയിൽ ഇന്ന് (30.12.2024) വൈകുന്നേരം 05:00 മണിക്ക് എറണാകുളം ജില്ലയിലെ നേര്യമംഗലം പി.ഡബ്ലിയു.ഡി ഗസ്റ്റ് ഹൌസിന് മുന്നിൽ വച്ച് പരാതിക്കാരനിൽ നിന്നും ആദ്യ ഗഡു കൈക്കൂലിയായ 50,000/- രൂപ വാങ്ങവേ നിതിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും. സംസ്ഥാനത്ത് പല സ്ഥലത്തും ഡിജിറ്റൽ സർവ്വേ നടപടികൾ നടന്ന് വരുകയാണ്. സർവ്വേ വേഗത്തിൽ പൂർത്തിയാക്കുന്നതിനാണ് കോൺട്രാക്ട് സർവ്വേയർമാരെകൂടി നിയമിച്ചിട്ടുള്ളത്. ഇത്തരത്തിൽ മറ്റ് സ്ഥലങ്ങളിലെ സർവ്വേ നടപടികളും വിജിലൻസ് നിരീക്ഷിച്ച് വരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.